**INDIAN SCHOOL SOHAR** **Set - 2**

**PERIODIC TEST – II (2017 -2018)**

**MALAYALAM**

**CLASS VIII** **Max. Marks: 20**

**DATE: 10.01.2018** **Duration : 40min.**

***1. താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക***

കുട്ടിക്കാലത്ത് ശരീരവും മനസ്സും ഒരുമിച്ചു വളരണം. ഓടിച്ചാടി ആർത്തുല്ലസിച്ചു കളിച്ചാലേ ശരീരത്തിനും മനസ്സിനും ആരോഗ്യമുണ്ടാവൂ. കളികൾ , രോഗം വരാതിരിക്കാൻ സഹായിക്കുന്നതുപോലെ മനസ്സി**ന്റെ** പിരിമുറുക്കം കുറയ്ക്കാനും സഹായിക്കും. യാന്ത്രികമായി ഗംഗാതീരത്തിരുന്നു മന്ത്രം ജപിക്കുന്നവനെക്കാൾ മുൻപേ, ഫുട്ബോൾ കളിക്കുന്നവർ സ്വർഗത്തിലെത്തുമെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞത് ഇതി**ന്റെ** അടിസ്ഥാനത്തിലാണ്. ലോകത്തെ ഏറ്റവും ജനകീയമായ കളി ഫുട്ബോളാണ്. ബാസ്കെറ്റ്ബോൾ, ടെന്നീസ് തുടങ്ങിയവയും അന്താരാഷ്ട്ര പ്രാധാന്യം ഉള്ള കളികളാണ്. ചെസ്സ് മാനസികമായ ഏകാഗ്രത വർദ്ധിപ്പിക്കാറുണ്ട്. കായിക മേഖലയിൽ പാരമ്പര്യമില്ലാത്ത അറേബ്യൻ രാജ്യങ്ങൾ പോലും അവരുടെ കഴിവ് തെളിയിക്കാറുണ്ട് . യുദ്ധത്തിനിടയിലും ഇറാഖ് ഫു ട്ബോൾ കളിച്ചു ജയിക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ കായിക ശക്തി ചൈനയാണ്. കേരളവും ഇന്ത്യയും കായിക മേഖലയിൽ വളരെ പുരോഗമിക്കാനുണ്ട്.

*ചോദ്യങ്ങൾ*

a) ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക 1

b) മനസ്സിന്റെ ഏകാഗ്രത വർധിപ്പിക്കുന്ന കളിയേത് ? 1

c) കളികളെക്കുറിച്ച് സ്വാമി വിവേകാനന്ദന്റെ അഭിപ്രായം എന്ത് ? **1**

d) ഏഷ്യയിലെ ഏറ്റവും വലിയ കായിക ശക്തി ഏതാണ്? **1**

e) ലോകത്തിലെ ഏറ്റവും ജനകീയമായ കളി ഏത്? **1**

*2. അർത്ഥം എഴുതുക* **1**

a) ചേല b) പരിചാരകൻ

3. *പര്യായപദം* **2**

a) രാത്രി b) ദാഹം

4. *വിപരീതപദം* 1

a) ശീതം b) പ്രഭാതം

5. *അർത്ഥവ്യത്യാസം എഴുതുക* 1

a) നാഗം – നാകം

6. *ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക* **3**

a) പെരെച്ചത്തിനു ഉദാഹരണം ഏത് ?

(പോയിപ്പറഞ്ഞു , കാണാൻ പോയി , എഴുതിയ കഥ )

b) ഒറ്റപ്പദം ആക്കുക _ ' ധനത്തോടുള്ള മോഹം '

c) തന്നിരിക്കുന്നവയിൽ കാരിതം ഏത് ?

( ഉറങ്ങുന്നു , പാടുന്നു , പറക്കുന്നു )

d) ' കയറിയിറങ്ങി ' _ പിരിച്ചെഴുതി സന്ധി എതെന്നെഴുതുക

e) ശരിയായ പദം ഏത് ? ( അദികം , അധികം , അഥികം )

f) തെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക

' എല്ലാ വെള്ളിയാഴ്ച തോറും വിദ്യാലയങ്ങൾക്കു അവധി ആണ് '

7. *ഉത്തരമെഴുതുക*

a) ഇന്ത്യയിൽ ആദ്യത്തെ പോസ്റ്റ് ഓഫീസ് സ്ഥാപിച്ചത് എന്ന് ? 1

b) ജീൻ വാൽ ജീന് കോടതി നൽകിയ ശിക്ഷ എന്തായിരുന്നു ? 1

8. *നിങ്ങളുടെ സ്കൂളിൽ നടത്തിയ വാർഷികദിനാഘോഷത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് നാട്ടിലുള്ള സുഹൃത്തിനു കത്ത് തയ്യാറാക്കുക.* **5**